# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*


No.208/PR/PIC/PHQ/18 Date : 16.08.2018

---

## വ്യാജവാർത്തകൾക്കെതിരെ കർശന നിയമനടപടി

നിലവിൽ കേരളം അഭിമുഖീകരിക്കുന്ന പ്രകൃതിക്ഷോഭവുമായി ബന്ധപ്പെട്ട് ജനങ്ങളെ പരിഭ്രാന്തരാക്കുന്ന വ്യാജവാർത്തകൾ പ്രചരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം അടിസ്ഥാനരഹിതമായ വാർത്തകൾ പ്രചരിപ്പിക്കുന്നവർക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിക്കുമെന്ന് സംസ്ഥാനപോലീസ് മേധാവി ലോക്നാഥ് ബെഹറ അറിയിച്ചു. വാർത്തകളെ സംബന്ധിച്ചുള്ള നിജസ്ഥിതി അതത് ജില്ലാഭരണകൂടവുമായോ മറ്റ് അധികൃതരുമായോ ബന്ധപ്പെട്ട് ഉറപ്പാക്കണം. ആധികാരികത ഉറപ്പാക്കാത്ത വാർത്തകൾ ഷെയർ ചെയ്യരുതെന്നും സംസ്ഥാന പോലീസ് മേധാവി അഭ്യർഥിച്ചു.

*********